ഉത്തരം

(എ, ബി) ഇല്ല. എന്നാൽ ഗവൺമെന്റ് പർച്ചേസുകളിൽ കെൽട്രോൺ എന്ന സ്ഥാപനത്തിന് സംസ്ഥാനത്തിന് പുറത്തുള്ള സ്ഥാപനങ്ങളുമായി ദർഘാസിൽ പങ്കെടുക്കുമ്പോൾ വിലയിൽ 10% ഇളവും, സംസ്ഥാനത്തിനകത്തുള്ള സ്ഥാപനങ്ങളുമായി ദർഘാസിൽ പങ്കെടുക്കുമ്പോൾ 5% വിലയിളവും നൽകുന്നുണ്ട്.

നിയമ പരിരക്ഷ ഉറപ്പാക്കേണ്ടതായിട്ടുള്ള തൊഴിൽ മേഖലകൾ

36[4914] ശ്രീ. എ. കെ. ബാലൻ:
„ ടി. പി. രാമകൃഷ്ണൻ:
„ പി. ജയരാജൻ:
„ ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമ പരിരക്ഷ ഉറപ്പാക്കാൻ കഴിയാത്ത സംസ്ഥാനത്തെ തൊഴിൽ മേഖലകളെക്കുറിച്ച് തൊഴിൽ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം മേഖലയിൽ ഇനിയും നിയമപരിരക്ഷ ഉറപ്പാക്കേണ്ടതായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തിന് അകത്തും പുറത്തും ജോലിക്ക് പോകുന്നവർക്ക് അവകാശങ്ങൾ നിഷേധിക്കപ്പെടുന്ന സ്ഥിതിവിശേഷം ഇല്ലാതാക്കാൻ തൊഴിൽ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ലേബർ കോടതികളിൽ എത്തുന്ന തൊഴിൽ തർക്ക കേസുകളിൽ പൊതുവെ തൊഴിലാളികൾക്ക് എതിരായി വിധി വന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഈ വിഷയം സംബന്ധിച്ച് വിശദമായ പഠനം നടത്തിയിട്ടില്ല.

(ബി) പ്രധാനമായും അസംഘടിത മേഖലയിൽ തൊഴിൽ ചെയ്യുന്നവർക്കാണ് നിയമ പരിരക്ഷ ഉറപ്പാക്കേണ്ടതായിട്ടുള്ളത്.

(സി) സംസ്ഥാനത്തിന് അകത്തും പുറത്തും ജോലി ചെയ്യുന്നവർക്ക് തൊഴിൽ നിയമങ്ങളുടെ സംരക്ഷണം ലഭിക്കാനും അവരുടെ അവകാശങ്ങൾ സംരക്ഷിക്കാനും ആവശ്യമായ നടപടികൾ തൊഴിൽ വകുപ്പ് സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തുള്ള തൊഴിൽ സ്ഥാപനങ്ങളിൽ തൊഴിൽ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ക്രമമായി പരിശോധനകൾ നടത്തുകയും നിയമ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നുണ്ട്. ആവശ്യമായ സന്ദർഭങ്ങളിൽ സ്കാഡ് പരിശോധനകളും നടത്താറുണ്ട്. തൊഴിലാളികളുടെ അവകാശങ്ങൾ നിഷേധിക്കപ്പെടുന്നതായി കാണപ്പെടുന്ന

LIBRARY ARCHIVES Kerala Legislative Assembly

സാഹചര്യത്തിൽ തൊഴിലുടമകൾക്കെതിരെ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. സംസ്ഥാനത്തിന് പുറത്ത് പ്രത്യേകിച്ചും മഹാരാഷ്ട്ര, ഗുജറാത്ത് സംസ്ഥാനങ്ങളിലെ മത്സ്യ സംസ്കരണ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി 1979-ലെ അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി നിയമത്തിലെ വ്യവസ്ഥകൾ കർശനമായി നടപ്പിലാക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ പ്രസ്തുത സംസ്ഥാനങ്ങളിലെ തൊഴിൽവകുപ്പ് മന്ത്രിമാർക്കും സെക്രട്ടറിമാർക്കും നൽകിയിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിൽ ജോലിക്ക് പോകുന്ന തൊഴിലാളികളെ അവരുടെ അവകാശങ്ങളെക്കുറിച്ച് ബോധവാൻമാരാക്കുന്നതിന് പഠനക്യാമ്പുകളും നടത്തിവരുന്നു. കൂടാതെ അവർ ജോലി ചെയ്യുന്ന അന്യസംസ്ഥാനങ്ങളിലുള്ള സ്ഥാപനങ്ങൾ സന്ദർശിച്ച് അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥൻമാരുടെ ഒരു പ്രത്യേക ടീമിനെ അയയ്ക്കാനും ഉദ്ദേശിക്കുന്നുണ്ട്.

(ഡി) ഇത്തരം ഒരു സാഹചര്യം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ബോണസ് നൽകുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ

37[4915] ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. എം. എ. ചന്ദ്രശേഖരൻ:
„ തേറമ്പിൽ രാമകൃഷ്ണൻ:
„ കെ. എ. ചന്ദ്രൻ:
„ സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് 2002-ൽ ബോണസ് നൽകുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) 2003-ൽ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ബോണസ് നൽകുന്നത് സംബന്ധിച്ച പൊതുതത്വങ്ങൾ എന്തെല്ലാമാണെന്ന് പറയുമോ;

(സി) ഇതനുസരിച്ച് ലാഭമുണ്ടാക്കിയ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഉയർന്ന റേറ്റിൽ ബോണസ് നൽകുവാനോ എക്സ്ഗ്രേഷ്യാ പേമെന്റായി കൂടുതൽ തുക നൽകുവാനോ അധികാരമുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് 2002-ൽ ബോണസ് നൽകുന്നതിനായി 24-7-2002-ൽ ജി.ഒ. (ആർ‌ടി.) നമ്പർ 2180/02/തൊഴിൽ നമ്പർ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിലെ മാനദണ്ഡങ്ങളനുസരിച്ച് പൊതുമേഖലാ സ്ഥാപനങ്ങൾ മിനിമം ബോണസ്സായി 8.33% നൽകണമെന്നും ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly